# ആവേശകരമായ ജീവിതം പുതുവർഷത്തിൽ

**സാക് പുന്നൻ**

WFTW Malayalam 1 January 2012

www.jeevamozhikal.org

ബൈബിൾ പറയുന്നു: "ദൈവഭക്തനായ മനുഷ്യന്റെ ജീവിതം ആവേശകരമാണ്.(സദൃശവാക്യം 14: 20 ലിവിംഗ്)

ഞാൻ എന്റെ അനുഭവസാക്ഷ്യം ഇവിടെ എഴുതട്ടെ: എനിക്കിപ്പോൾ(2011 നവംബർ) 72 വയസ്സു പ്രായമുണ്ട്. 52 വർഷമായി ഞാൻ വീണ്ടും ജനിച്ച ഒരു ദൈവപൈതൽ ആണ്. ഈ വർഷങ്ങളിലെല്ലാം എന്റെ ക്രിസ്തീയജീവിതം ആവേശഭരിതമായിരുന്നു എന്നെനിക്കു സത്യസന്ധമായി സാക്ഷിക്കാൻ കഴിയും. എനിക്കു പല പരിശോധനകളും ഉണ്ടായി. എന്നാൽ അതിലെല്ലാം ദൈവത്തെ ആവേശകരമായി അനുഭവിച്ചറിയാൻ ഇടയായി. എന്റെ ജീവിതത്തിന്റെ ഏറ്റവും നല്ല ഭാഗം ഇനി മുൻപിലുണ്ടെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ദൈവത്തിനായി ജീവിക്കുകയും അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്ന ഈ ജീവിതം നയിക്കാൻ കഴിയുന്നതിൽ ഞാൻ ആവേശഭരിതനാണ്. ഈ ലോകത്ത് ഒരുവനു ചെയ്യാൻ കഴിയുന്ന ഏറ്റവും മെച്ചപ്പെട്ട കാര്യം ദൈവത്തെ സേവിക്കുകയെന്നതാണ്.

ലോകത്തിലെ ഒരു വ്യക്തിക്കെതിരെ പോലും എനിക്കൊരു പരാതിയില്ല. എനിക്കെതിരെ ദോഷം ചെയ്യുന്നതിൽ വിജയിക്കാൻ ഇതുവരെ ആർക്കും കഴിഞ്ഞിട്ടില്ല. എന്നെ പലരും ദ്രോഹിക്കുവാൻ ശ്രമിച്ചു. എന്റെ സഹപ്രവർത്തകരിൽ ചിലർ എന്നെ ഒറ്റിക്കൊടുക്കുകയും എനിക്കെതിരെ തിരിയുകയും ചെയ്തു. പല 'ക്രിസ്ത്യാനികളും' എന്നെക്കുറിച്ചു 'ക്രിസ്തീയ' മാസികകളും ഇന്റർനെറ്റും വഴി തെറ്റിധാരണകൾ പരത്തുകയും ചിലർ എന്നെ കോടതിയിലേക്കു വലിച്ചിഴയ്ക്കുക പോലും ചെയ്യുകയുമുണ്ടായി. എന്നാൽ ഇവയെല്ലാം എന്നെ സംബന്ധിച്ചിടത്തോളം 'ക്രിസ്തുവിന്റെ കഷ്ടങ്ങളിലുള്ള എന്റെ പങ്കാളിത്തം' മാത്രമായിരുന്നു. എല്ലാവരും ചെയ്ത എല്ലാ കാര്യങ്ങളും റോമർ 8:28 ൽ പറയുന്നതുപോലെ എന്റെ ആത്യന്തിക നന്മയ്ക്കായിരുന്നു. അതുകൊണ്ട് അവർക്കെല്ലാവർക്കും വേണ്ടി യഥാർത്ഥമായും ഞാൻ ദൈവത്തിനു നന്ദി പറയുന്നു. കാരണം അവരുടെ തെറ്റായ പ്രവൃത്തികൾ, എന്നെ കൂടുതൽ നല്ല ഒരുവനാക്കിത്തീർക്കുവാൻ തക്കവണ്ണം ദൈവം ഉപയോഗപ്പെടുത്തി. എന്റെ പ്രതികരണങ്ങളിൽ കൂടുതൽ ക്രിസ്തുതുല്യനായിത്തീരുവാൻ അതെന്നെ സഹായിച്ചു. അവരുടെ തിന്മപ്രവൃത്തികളിൽ നിന്ന് ഉരുത്തിരിഞ്ഞ ആത്യന്തിക നന്മ അതായിരുന്നു.

ദൈവത്തിനു പ്രയോജനമുള്ളവനായിത്തീരുന്നതിനു മുമ്പ് ഒന്നാമതു നാം നുറുക്കപ്പെടേണ്ടതുണ്ട്. നമ്മുടെ കഴിവുകളിലുള്ള നിഗളത്തെയും ആത്മവിശ്വാസത്തെയും തകർക്കുവാനും നമ്മുടെ കണ്ണുകളിൽത്തന്നെ നമ്മെ ചെറുതായി കാണുവാനും വേണ്ടി ദൈവം ആളുകളെയും സംഭവങ്ങളെയും ഉപയോഗപ്പെടുത്തുന്നു.

എന്റെ ചെറുപ്പത്തിൽത്തന്നെ ദൈവം എന്നെ നുറുക്കി. ഇന്നും അവിടുന്നെന്നെ നുറുക്കിക്കൊണ്ടിരിക്കുന്നു. ഫലപൂർണതയിലേക്കുള്ള വഴി ഇതാണ്. നാം എത്ര കൂടുതൽ നുറുക്കപ്പെടുന്നോ അത്ര കൂടുതൽ ദൈവത്തിനു നമ്മെ മറ്റുള്ളവർക്കു അനുഗ്രഹമാക്കാൻ കഴിയും. പുറപ്പാട് 17 ൽ വായിക്കുന്നത് ഓർക്കുക. പാറ അടിക്കപ്പെടുകയും തകരപ്പെടുകയും ചെയ്തപ്പോൾ മാത്രമാണ് അതിൽനിന്നും വെള്ളം ഒഴുകിയത്. യേശുവിന്റെ മേൽ പൂശുവാൻ സ്വച്ഛജഡമാംസി തൈലവുമായി വന്ന സ്ത്രീയും ആ ഭരണി പൊട്ടിച്ചപ്പോൾ മാത്രമാണ് പരിമളം കൊണ്ടു വീടു നിറഞ്ഞത് (മർക്കോസ് 14: 3). അയ്യായിരം പേരെ പോഷിപ്പിക്കുവാൻ യേശു അപ്പം എടുത്തു വാഴ്ത്തി. എന്നാൽ അപ്പം നുറുക്കപ്പെടുന്നതുവരെ ആർക്കും അതിൽനിന്നു പോഷണം ലഭിച്ചില്ല. ഈ സംഭവങ്ങളിൽ നിന്നെല്ലാം ലഭിക്കുന്ന സന്ദേശമെന്താണ്? 'നുറുക്കമാണ് അനുഗ്രഹത്തിലേക്കുള്ള വഴി' എന്നതു തന്നെ. ഒരു ചെറിയ കണിക വിഭജിപ്പിക്കപ്പെടുമ്പോൾ അതു പുറത്തു വിടുന്ന ഊർജ്ജം കൊണ്ട് ഒരു നഗരത്തെ മുഴുവൻ വൈദ്യുതികരിക്കാൻ കഴിയും! ഒരു കണിക വളരെ വളരെ ചെറുതാണ്. ഒരു സാധാരണ സൂഷ്മദർശിനിയിൽക്കൂടിപ്പോലും കാണാത്തത്ര ചെറുത്. പക്ഷേ അതു തകർക്കപ്പെട്ടുകഴിയുമ്പോൾ എത്ര വലിയ ശക്തിയാണ് അതു പുറത്തുവിടുന്നത്. ബൈബിളും പ്രകൃതിയും നൽകുന്ന സന്ദേശം ഇതാണ് : തകർച്ചയിലൂടെയാണ് ദൈവത്തിന്റെ ശക്തി സ്വതന്ത്രമാക്കപ്പെടുന്നത്. പുതുവർഷത്തിൽ ഈ സന്ദേ

ശത്താൽ നാം എല്ലാവരും പിടിക്കപ്പെട്ടവരായി തീരട്ടെ!

എന്റെ ശുശ്രൂഷയിലും ജീവിതത്തിലും ശക്തിക്കായി ഞാൻ ആദ്യമായി 1963 ൽ അന്വേഷിച്ചപ്പോൾ ദൈവം എന്നെ ഈ സന്ദേശംകൊണ്ടു പിടികൂടി. ഞാൻ നേവിയിൽ നിന്നു രാജി വയ്ക്കുന്നതിനു മുൻപ്, ആ സമയത്തുതന്നെ ദൈവം എന്നെ ഈ കാര്യം കാണിച്ചുതന്നു- നുറുക്കത്തിന്റെ വഴിയാണ് ശക്തിയുടെ വഴി. ജീവിതത്തിൽ ഒരിക്കലും ഇതു മറന്നുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിങ്ങൾ ചെറുപ്പമായിരിക്കുമ്പോൾ തന്നെ ഈ പാഠം പഠിക്കുവാൻ ഞാൻ യുവാക്കളെ ഉത്സാഹിപ്പിക്കട്ടെ.

ദൈവത്തിന്റെ വാഗ്ദാനങ്ങളിലുള്ള സജീവമായ <u>വിശ്വാസമാണ്</u> രണ്ടാമത്തെ ആവശ്യകത.

മിസ്രയീമിൽ വച്ച് യിസ്രായേലിലെ മൂപ്പന്മാർക്കു ദൈവം രണ്ടു വാഗ്ദാനങ്ങൾ നൽകി. 1. ഞാൻ നിങ്ങളെ ഈജിപ്ററിൽ നിന്നു പുറപ്പെടുവിക്കും. 2. ഞാൻ നിങ്ങളെ കനാന്യരുടെ നാട്ടിൽ എത്തിക്കും. (പുറ.3:17). ഇവിടെ രണ്ടു വാഗ്ദാനങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഒന്നാമത്തേതു മാത്രമേ മിക്കവരെ സംബന്ധിച്ചും നിവൃത്തിയായുള്ളു. രണ്ടാമത്തേത് അവരെ സംബന്ധിച്ച് നിവൃത്തിയായില്ല. ആ മൂപ്പന്മാർ കനാൻനാട്ടിൽ പ്രവേശിച്ചില്ല. എന്തുകൊണ്ട്? കനാനിൽ പ്രവേശിക്കുവാനുള്ള സമയമായപ്പോൾ അവർ വിശ്വാസത്തോടെ പ്രതികരിച്ചില്ല.(സംഖ്യാ. 13). നാം വിശ്വാസത്തോടെ പ്രതികരിച്ചില്ലെങ്കിൽ ദൈവത്തിന്റെ വാഗ്ദാനങ്ങൾ നിറ വേറുകയില്ല.

ദൈവത്തിന്റെ വാഗ്ദാനങ്ങളും നമ്മുടെ വിശ്വാസവും രണ്ടു വൈദ്യുതകമ്പികൾ പോലെയാണ്. അവ അന്യോന്യം സ്പർശിച്ചാൽ മാത്രമേ (സ്വിച്ചിടുമ്പോൾ അതാണ് സംഭവിക്കുന്നത്) കമ്പിയിലൂടെ ശക്തി പ്രവ ഹിക്കുകയുള്ളു. നിങ്ങൾ ദൈവത്തിന്റെ വാഗ്ദാനം കേൾക്കുകയും മനസ്സിലാക്കുകയും ചെയ്തിട്ടുണ്ടാകും. എന്നാൽ “അത് എന്റെ ജീവിതത്തിൽ നിവൃത്തിയാകും എന്നു ഞാൻ വിശ്വസിക്കുന്നു” എന്നു പറയുന്നിട ത്തേക്കു നിങ്ങളുടെ വിശ്വാസം എത്തിച്ചേരുമ്പോൾ മാത്രമേ ആ വാഗ്ദാനം നിറവേറുകയുള്ളു.

കനാന്റെ അതിരിലെത്തിയപ്പോൾ യോശുവയും കാലേബും മാത്രമേ ദൈവത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിച്ചുള്ളു. അതുകൊണ്ട് അവർ മാത്രം വാഗ്ദത്തനാട്ടിൽ എത്തി. നമുക്കും അവരുടെ അതേ വിശ്വാസം കൈയാളാം. അങ്ങനെ പുതുവർഷത്തിൽ നമുക്കു നിരന്തരം വിജയത്തിന്റെ വാഗ്ദത്തഭൂമിയിൽത്തന്നെ ജീവി ക്കാം.

ഞങ്ങൾ നിങ്ങൾക്കെല്ലാം അനുഗ്രഹീതമായ പുതുവർഷം നേരുന്നു- കൂടുതൽ നുറുക്കവും ദൈവത്തിൽ കൂടുതൽ വിശ്വാസവുമുള്ള വർഷം.

മൊഴിമാറ്റം: ജോജി ടി സാമുവൽ